**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 907** **24-02-2022 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണം -പട്ടിക വിഭാഗങ്ങൾക്കുള്ള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷയുടെ കാലവധി അവസാനിച്ചിട്ടും യഥാസമയം പുതുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പ്രസ്തുത പരിരക്ഷ നഷ്ടമാവുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയാണ്. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റ വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ള 18750 പേർക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രൊപ്പോസലാണ് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി വനംവകുപ്പിന് സമർപ്പിച്ചിട്ടുള്ളത്. ആയത് പുതുക്കി നൽകുന്നതിനുള്ള പ്രപ്പോസൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റിഡബ്ല്യൂ) വിൽ നിന്ന് സർക്കാരിന് ലഭിക്കുകയും 20.01.2022 ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | പ്രസ്തുത പരിരക്ഷക്കായി എത്ര തുകയാണ് പ്രീമിയമായി സർക്കാർ ഒടുക്കി വരുന്നതെന്നും ഒരു വ്യക്തിയ്ക്ക് എത്ര തുകയാണ് പ്രീമിയമായി ഒടുക്കേണ്ടതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തെ പ്രീമിയം ആയി സർക്കാർ ഒടുക്കിയ തുകയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ഇൻഷുറൻസ് പ്രകാരം എന്തെല്ലാം പരിരക്ഷയാണ് വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉറപ്പ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | 1. വനങ്ങളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വന്യജീവി ആക്രമണം മൂലം മരണമോ, പൂർണ്ണമായ അംഗവൈകല്യമോ, വാഹന അപകടം, മണ്ണിടിച്ചിൽ, വൈദ്യുതാഘാതം, പാമ്പ് കടിയേറ്റുണ്ടാകുന്ന മരണം, മുങ്ങിമരണം, ഇടിമിന്നറ്റേറ്റുള്ള മരണം എന്നിവ സംഭവിക്കുകയോ ചെയ്യുന്നപക്ഷം ഒരു ലക്ഷം രൂപയും, ആശുപത്രി ചിലവിനായി അയ്യായിരം രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി നൽകി വരുന്നു. കൂടാതെ ആശുപത്രിയിലേക്കുള്ള യാത്രാചിലവുകൾക്കായി |

| | | | |
|---|---|---|---|
| | | | ആയിരം രൂപയും നൽകുന്നുണ്ട്. പ്രകൃതി ദുരന്തം, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവ കാരണം പാർപ്പിടം നഷ്ടപ്പെട്ട് വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പ്രതിവർഷം അയ്യായിരം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നുണ്ട്.<br>2. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെ മറ്റു വിഭാഗക്കാർക്കും ഈ ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. വന്യജീവി ആക്രമണം മൂലം അപകടമരണം, പൂർണ്ണമായ അംഗവൈകല്യം എന്നിവയ്ക്ക് ഒരു ലക്ഷം രൂപയും ആശുപത്രി ചിലവിന് അയ്യായിരം രൂപയും നൽകി വരുന്നു. ഇത് ഒരു വർഷം പരമാവധി അഞ്ചു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | പ്രീമിയം തുക (ഒരാൾക്ക്) | ഇൻഷ്വർ ചെയ്ത ആളുകളുടെ എണ്ണം | ആകെ പ്രീമിയം തുക |
|---|---|---|---|
| 2016-17 | 36/- (നികുതിയടക്കം) | 18750 | 6,75,000 |
| 2017-18 | 36/- (നികുതിയടക്കം) | 18750 | 6,75,000 |
| 2018-19 | 49.46/- (നികുതിയടക്കം) | 18750 | 9,27,480 |
| 2019-20 | 59/- (നികുതിയടക്കം) | 18750 | 11,06,249 |
| 2020-21 | 83/- (നികുതിയടക്കം) | 18750 | 15,56,250 |